**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 309** **08-08-2023 - ൽ മറുപടിയ്ക്ക്**

**അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിനും നിത്യോപയോഗസാധനങ്ങൾ സുലഭമായി ലഭ്യമാക്കുന്നതിനും പൊതുവിതരണകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിനും നിത്യോപയോഗസാധനങ്ങൾ സുലഭമായി ലഭ്യമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സർക്കാരിന്റെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സ്ഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നു. ഈ സാധനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിക്കുകയില്ല എന്ന സർക്കാർ നയത്തിനനുസൃതമായി 2016 മെയ് മാസം മുതൽ 13 ഇനം ഇനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പൊതു വിപണിയേക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിന് 1383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ |

പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു.

ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.

ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സർക്കാരിന് സാധിക്കുന്നുണ്ട്.

ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞു.

എൻ.എഫ്.എസ്.എ നിയമ പ്രകാരമുള്ള ടാർജറ്റ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും സാധ്യമാകുന്ന രീതിയിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്.

ഇതിനുപുറമെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തി കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിതരണ – ലീഗൽ മെട്രോളജി വകുപ്പ് ഉദ്യോഗസ്ഥരുടെ പ്രത്യേക പരിശോധനാ സ്ക്വാഡുകൾ പരിശോധന നടത്തി കരിഞ്ചന്തയും

| | | | |
|---|---|---|---|
| | | | പൂഴ്ത്തിവയ്പ്പും നടക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ സാധിച്ചു.<br><br>നിത്യോപയോഗ സാധനങ്ങൾ സുലഭമായി ലഭ്യമാക്കുന്നതിനും പൊതു വിതരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി കെ-സ്റ്റോർ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും കെ-സ്റ്റോർ വഴി നൽകി വരുന്നു. |
| (ബി) | കൂടുതൽ പൊതുവിതരണകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | ഒരു പ്രദേശത്ത് പൊതുവിതരണ കേന്ദ്രം ആവശ്യപ്പെട്ടുകൊണ്ട് പ്രദേശ വാസികളോ പഞ്ചായത്ത് കമ്മിറ്റിയോ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ അയതിന്മേൽ വകുപ്പുതല അന്വേഷണം നടത്തി റേഷൻ കട അനിവാര്യം ആണെന്ന് ബോധ്യപ്പെട്ടാൽ ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾക്ക വിധേയമായി റേഷൻ കട അനുവദിക്കുന്നതാണ്. |
| (സി) | പൊതുവിതരണകേന്ദ്രങ്ങൾ വഴി അവശ്യവസ്തുക്കൾ വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും കെ- സ്റ്റോർ വഴി നൽകി വരുന്നു. മിൽമയുടെ തിരഞ്ഞെടുത്ത ഉത്പന്നങ്ങൾ IOC യുടെ ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയ്ക്ക് പുറമേ CSC (കോമൺ സർവീസ് സെന്റർ) സേവനങ്ങൾ എന്നിവയും നൽകുന്നു. ഇവയ്ക്ക് പുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങളും കൃഷി വകുപ്പിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ